Reg. No. : ....................................

Name : .......................................

**ME-50**

# MODEL EXAMINATION, MARCH 2021

Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours

Cool-off time : 20 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 20 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 20 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer the following questions from 1 to 37 up to a maximum Score of 60.**

**From the following questions answer for 40 Scores from Part - A and 20 Scores from Part - B.**

## PART – A

## (ACCOUNTING)

**I. Questions from 1 to 4 carries 1 score each.** **(4 × 1 = 4)**

1. Which of the following is not included in the final accounts of a not-for-profit organisation ?
   (a) Profit and loss a/c.
   (b) Receipt and Payment a/c.
   (c) Income and Expenditure a/c.
   (d) Balance Sheet

2. Partners are entitled to get which of the following in the absence of partnership deed ?
   (a) Interest on capital at specified rate.
   (b) Interest on partners loan @ 6% per annum.
   (c) Salary or Commission.
   (d) All of these

3. Suresh and Vinod are partners in a firm sharing profits in the ratio of 4 : 1. They admit Hari as a partner for 1/6 share. Their sacrificing ratio will be _______
   (a) 3 : 2 (b) 4 : 1
   (c) 2 : 1 (d) 1 : 1

4 The revaluation profit or loss at the time of retirement of a partner is distributed among the partners in ________ ratio.
   (a) New ratio (b) Old ratio
   (c) Gaining ratio (d) Sacrificing ratio

**II. Questions from 5 to 7 carries 2 scores each.** **(3 × 2 = 6)**

5. Where will you record the following items in the final accounts of a not-for-profit organisation ?
   (i) General donation
   (ii) Life membership fee
   (**Hint :** Debit or credit side of Income and expenditure a/c., asset or liability side of Balance Sheet)

**1 മുതൽ 37 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. പരമാവധി ലഭിക്കുക 60 സ്കോർ ആയിരിക്കും.**

**താഴെപ്പറയുന്ന ചോദ്യങ്ങളിൽ Part – A യിൽനിന്ന് 40 സ്കോറിനും Part – B യിൽ നിന്ന് 20 സ്കോറിനും ഉത്തരം എഴുതുക.**

## PART – A
## (ACCOUNTING)

**I. 1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വിതം.** **(4 × 1 = 4)**

1. താഴെ കൊടുത്തിട്ടുള്ളവയിൽ ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ ധനകാര്യ പത്രകയിൽ ഉൾപ്പെടാത്തത് ഏത്?
   - (a) പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട്
   - (b) പണം സ്വീകരിക്കൽ നൽകൽ അക്കൗണ്ട്
   - (c) വരവ് ചെലവ് അക്കൗണ്ട്
   - (d) ബാലൻസ് ഷീറ്റ്

2. പങ്കാളിത്ത പ്രമാണത്തിന്റെ അഭാവത്തിൽ പങ്കളികൾക്ക് താഴെപ്പറയുന്നവയിൽ ലഭിക്കുന്നതിന് അർഹതയുള്ളത് ഏത്?
   - (a) പങ്കാളികളുടെ മൂലധനത്തിന് നിശ്ചിത ശതമാനം പലിശ
   - (b) പങ്കാളികളിൽ നിന്നുമുള്ള വായ്പയ്ക്ക് 6% വാർഷിക പലിശ.
   - (c) ശമ്പളം കമ്മീഷൻ
   - (d) ഇവയെല്ലാം

3. 4 : 1 എന്ന അനുപാതത്തിൽ ലാഭം പങ്കിടുന്ന പങ്കാളികളാണ് സുരേഷും വിനോദും. അവർ 1/6 ലാഭ വിഹിതം നൽകി ഹരിയെ പുതിയ പങ്കാളിയായി ഉൾപ്പെടുത്തി അവരുടെ ത്യാഗാനുപാതം എത്ര ________
   - (a) 3 : 2 (b) 4 : 1
   - (c) 2 : 1 (d) 1 : 1

4. ഒരു പങ്കാളിയുടെ വിരമിക്കലുമായി ബന്ധപ്പെട്ട റിവാല്യുവേഷൻ ലാഭവും നഷ്ടവും പങ്കാളികൾ ഏത് അനുപാതത്തിലാണ് പങ്ക് വെക്കുന്നത്.
   - (a) പുതിയ അനുപാതം (b) പഴയ അനുപാതം
   - (c) നേട്ടാനുപാതം (d) ത്യാഗാനുപാതം

**II. 5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വിതം.** **(3 × 2 = 6)**

5. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യപത്രികയിൽ താഴെ പ്പറയുന്ന ഇനങ്ങൾ എവിടെ രേഖപ്പെടുത്തുമെന്ന് വ്യക്തമാക്കുക.
   - (i) ജനറൽ ഡൊണേഷൻ
   - (ii) അജീവനാന്ത അംഗത്വ ഫീസ്

   (സൂചന : ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് വശം, ബാലൻസ് ഷീറ്റിന്റെ അസ്റ്റികൾ ആല്ലെങ്കിൽ ബാധ്യതകളുടെ വശം)

6. Muneer, a partner in a firm withdraws ₹ 4,000 at the begining of every month for 12 months. The books of the firm closes on 31st December every year. Calculate interest on drawings of Muneer @ 10% per annum.

7. State any two differences between dissolution of partnership and dissolution of firm.

**III. Questions from 8 to 10 carries 3 scores each.** **(3 × 3 = 9)**

8. State any three features of Not-for-Profit organisation.

9. Calculate value of goodwill of a firm on the basis of 3 years purchase of super profit given that capital employed is ₹ 2,00,000; normal rate of return is 10% and average profit for last few years is 25,000.

10. Anu, Manu and Sonia are partners in a firm sharing profits and losses in the ratio of 2 : 1 : 1. Sonia retires and the goodwill of the firm is valued at ₹ 1,20,000. Write journal entry regarding adjustment for goodwill.

**IV. Questions from 11 to 15 carries 4 scores each.** **(5 × 4 = 20)**

11. State any four differences between Fixed Capital Method and Fluctuating Capital Method.

12. Record the following in the Revaluation a/c. of a firm at the time of admission of a partner.

    (a) The value of furniture increased by ₹ 5,000.

    (b) Unrecorded investment ₹ 3,000.

    (c) Provide ₹ 1,000 for doubtful debt.

    (d) Stock reduced to ₹ 24,000 (Book value : ₹ 30,000)

13. Kaushik and Devan are partners in a firm sharing profits and losses in the ratio of 3 : 2. They admit Arjun into partnership with 1/4 share in profit. Arjun brings ₹ 30,000 for capital and his share of goodwill in cash. The goodwill of the firm is valued at ₹ 20,000. Their new ratio is 2 : 1 : 1. Give journal entries.

6. ഒരു പങ്കാളിത്ത സ്ഥാപനത്തിലെ പങ്കാളിയായ മുനീർ എല്ലാമാസത്തിന്റെയും ആരംഭത്തിൽ 4,000 രൂപ വീതം 12 മാസത്തേക്ക് തൻപറ്റ് നടത്തി. സ്ഥാപനത്തിന്റെ കണക്ക് പുസ്തകം എല്ലാ വർഷവും ഡിസംബർ 31 വച്ചാണ് അവസാനിപ്പിക്കാറുള്ളത്. 10% വാർഷിക പലിശ കണക്കാക്കി മുനീറിന്റെ തൻപറ്റ് പലിശ കണക്കാക്കുക.

7. പങ്കാളിത്തം അവസാനിപ്പിക്കലും പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചുപൂട്ടലും തമ്മിലുള്ള ഏതെങ്കിലും രണ്ട് വ്യത്യാസം രേഖപ്പെടുത്തുക.

**III. 8 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം. (3 × 3 = 9)**

8. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ വ്യക്തമാക്കുക.

9. ഒരു ബിസിനസിന്റെ മൂലധന മുടക്ക് 2,00,000 രൂപയും അവരുടെ സാധാരണ ലാഭനിരക്ക് 10% ഉം ആണ്. കഴിഞ്ഞ വർഷങ്ങളിലെ അവരുടെ ശരാശരി ലാഭം 25,000 രൂപയാണ്. അധികലാഭം മൂന്ന് വർഷത്തേക്ക് വാങ്ങുന്നതിനുള്ള വിലയായി ഗുഡ്‌വിൽ മൂല്യനിർണ്ണയം നടത്തുക.

10. അനു, മനു, സോണിയ എന്നിവർ 2 : 1 : 1 എന്ന അനുപാതത്തിൽ ലാഭവും നഷ്ടവും പങ്കുവെയ്ക്കുന്ന പങ്കാളികളാണ്, ഇതിൽ സോണിയ സ്ഥാപനത്തിൽ നിന്ന് വിരമിച്ചതിനാൽ സ്ഥാപനത്തിന്റെ ഗുഡ്‌വിൽ മൂല്യം 1,20,000 ആണ്. ഗുഡ്‌വിൽ ക്രമീകരണത്തിനുള്ള ജേർണൽ എൻട്രി എഴുതുക.

**IV. 11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം. (5 × 4 = 20)**

11. ഫിക്സഡ് മൂലധന രീതിയും ഫ്ലക്ച്വേറ്റിംഗ് മൂലധന രീതിയും തമ്മിലുള്ള ഏതെങ്കിലും നാല് വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.

12. ഒരു പങ്കാളിയുടെ പ്രവേശനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവ സ്ഥാപനത്തിന്റെ റീവാല്യുവേഷൻ അക്കൗണ്ടിൽ രേഖപ്പെടുത്തുക.
   (a) ഫർണിച്ചറിന്റെ മൂല്യം 5,000 രൂപ കണ്ട് വർദ്ധിച്ചു.
   (b) ബുക്കിൽ രേഖപ്പെടുത്താത്ത നിക്ഷേപം 3,000 രൂപ.
   (c) 1,000 രൂപ സംശയാസ്പദ കടത്തിനായി നീക്കിവെക്കുക.
   (d) സ്റ്റോക്കിന്റെ മൂല്യം 24,000 രൂപയായി കുറഞ്ഞു (ബുക്കിലെ വില : 30,000 രൂപ)

13. കൗഷിക്കും ദേവനും 3 : 2 എന്ന അനുപാതത്തിൽ ലാഭവും നഷ്ടവും വീതം വക്കുന്ന പങ്കാളിത്ത സ്ഥാപനത്തിലേക്ക് 1/4 ലാഭവിഹിതം നൽകി അർജുനെ പുതിയ പങ്കാളിയായി ഉൾപ്പെടുത്തുന്നു. ഇതിലേക്ക് അർജുൻ 30,000 രൂപ മൂലധനമായും ആവശ്യമായ ഗുഡ്‌വിൽ മൂല്യവും പണമായി കൊണ്ടുവന്നു. സ്ഥാപനത്തിന്റെ ഗുഡ്‌വിൽ മൂല്യം 20,000 രൂപയാണ്. അവരുടെ പുതിയ അനുപാതം 2 : 1 : 1 ജേർണൽ എൻട്രികൾ എഴുതുക.

14. Balu, Rajesh and Abhijith are partners in a firm. Rajesh retires from the firm. On the date of retirement ₹ 48,000 due to him. Balu and Abhijith promise to pay him in four equal yearly instalments plus interest @ 10% per annum at the end of every years. Prepare Rajesh's loan a/c.

15. Write the journal entries for recording the following transactions at the time of dissolution of a firm.

(a) Assets realised ₹ 36,000.

(b) Liability paid by Ashok, a partner ₹ 4,000.

(c) Realisation expenses paid by firm ₹ 1,000.

(d) Furniture taken by Sunil, a partner ₹ 5,000.

**V. Questions from 16 to 20 carries 5 scores each.** **(5 × 5 = 25)**

16. Differentiate between Receipt and Payment Account and Income and Expenditure Account (any 5).

17. From the following information ascertain the amount of subscription to be shown in the Income and Expenditure Account of A-One Sports Club for the year ending 31.12.2020 :

| | | |
|---|---|---|
| (a) | Subscription received during the year 2020 | ₹ 72,000 |
| (b) | Subscription outstanding on 1.1.2020 | ₹ 4,000 |
| (c) | Subscription received in advance on 1.1.2020 | ₹ 3,000 |
| (d) | Subscription outstanding on 31.12.2020 | ₹ 5,000 |
| (e) | Subscription received in advance on 31.12.2020 | ₹ 2,000 |

18. Sumathi and Manju are partners in a firm sharing profits in the ratio of 3 : 2. Their capital balance as on 01.01.2020 was ₹ 40,000 and ₹ 30,000 respectively. The partnership provides that Sumathi is to be paid a salary of ₹ 1,000 per month and Manju is to get a commission of ₹ 10,000 for the year. Interest on capital is allowed at 8% per annum. Interest on drawing charged from Sumathi ₹ 1,500 and Manju ₹ 1,200. The net profit of the firm before making all these adjustments was ₹ 74,900.

Prepare Profit and Loss Appropriation Account.

19. What do you mean by goodwill ? Explain the various factors affecting the value of goodwill of a firm.

14. ബാലു, രാജേഷ്, അഭിജിത് എന്നിവർ പങ്കാളികളായ പങ്കാളിത്തത്തിൽ നിന്നും രാജേഷ് വിരമിക്കുന്നു. വിരമിക്കൽ സമയം 48,000 രൂപയാണ് രാജേഷിന് സ്ഥാപനത്തിൽ നിന്നും കിട്ടാനുള്ളത്. ഈ തുക ബാലുവും അഭിജിതും കൂടി നാല് തുല്യതവണകളായി 10% പലിശ സഹിതം ഒരോ വർഷത്തിന്റെയും അവസാനം നൽകുവാൻ തീരുമാനിച്ചു. രാജേഷിന്റെ വായ്പാ അക്കൗണ്ട് തയ്യാറാക്കുക.

15. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചുപൂട്ടലുമായി ബന്ധപ്പെട്ടുള്ള താഴെപ്പറയുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക.

(a) ആസ്തികൾ വിറ്റ്കിട്ടിയത് 36,000 രൂപ

(b) അശോക് എന്ന പങ്കാളി ഒടുക്കിയ ബാധ്യത 4,000 രൂപ

(c) റിയലൈസേഷൻ ചെലവ് സ്ഥാപനം ഒടുക്കിയത് 1,000 രൂപ

(d) സുനിൽ എന്ന പങ്കാളി എടുത്തുകൊണ്ടുപോയ ഫർണിച്ചർ 5,000 രൂപ

**V. 16 മുതൽ 20 വരെയുള്ള ചോദ്യങ്ങൾക്ക് 5 സ്കോർ വീതം. (5 × 5 = 25)**

16. റെസീപ്റ്റ് ആൻഡ് പെയ്മെന്റ് അക്കൗണ്ടും ഇൻകം ആൻഡ് എക്സ്പെന്റിച്ചർ അക്കൗണ്ടും തമ്മിലുള്ള വ്യത്യാസം എഴുതുക (ഏതെങ്കിലും 5 എണ്ണം).

17. താഴെതന്നിരിക്കുന്ന വിവരങ്ങളിൽ നിന്നും എ-വൺ സ്പോർട്സ് ക്ലബിന്റെ 31.12.2020 ലെ ഇൻകം ആൻഡ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട സബ്സ്ക്രിപ്ഷന്റെ തുക കണ്ടുപിടിക്കുക :

| | | |
|---|---|---|
| (a) | 2020 ൽ കിട്ടിയ സബ്സ്ക്രിപ്ഷൻ തുക | 72,000 രൂപ |
| (b) | 1.1.2020 ൽ കിട്ടാനുള്ള സബ്സ്ക്രിപ്ഷൻ തുക | 4,000 രൂപ |
| (c) | 1.1.2020 ൽ മുൻകൂറായി കിട്ടിയ സബ്സ്ക്രിപ്ഷൻ | 3,000 രൂപ |
| (d) | 31.12.2020 ൽ കിട്ടാനുള്ള സബ്സ്ക്രിപ്ഷൻ തുക | 5,000 രൂപ |
| (e) | 31.12.2020 ൽ മുൻകൂറായി കിട്ടിയ സബ്സ്ക്രിപ്ഷൻ തുക | 2,000 രൂപ |

18. 3 : 2 എന്ന അനുപാതത്തിൽ ലാഭവും നഷ്ടവും പങ്ക് വെയ്ക്കുന്ന പങ്കാളികളായ സുമതിയുടേയും മഞ്ജുവിന്റെയും 01.01.2020 മൂലധന നീക്കിയിരിപ്പ് തുക യഥാക്രമം 40,000 ഉം 30,000 ഉം ആണ്. പങ്കാളിത്ത പ്രമാണ പ്രകാരം സുമതിക്ക് 1,000 രൂപ മാസ ശമ്പളവും മഞ്ജുവിന് 10,000 രൂപ വാർഷിക കമ്മീഷനും നൽകുന്നു. 8% വാർഷിക നിരക്കിൽ പങ്കാളികൾക്ക് മൂലധന പലിശ അനുവദിച്ചിട്ടുണ്ട്. തൻപറ്റ് പലിശ യഥാക്രമം സുമതിക്കും മഞ്ജുവിനും 1,500 ഉം 1,200 മാണ്. ഈ സ്ഥാപനത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ ക്രമീകരണങ്ങൾക്ക് ശേഷമുള്ള അറ്റലാഭം 74,900 രൂപയാണ്.

സ്ഥാപനത്തിന്റെ പ്രോഫിറ്റ് ആൻഡ് ലോസ് അപ്രോപ്രിയേഷൻ അക്കൗണ്ട് തയ്യാറാക്കുക.

19. ഗുഡ്‌വിൽ എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത് ? ഒരു സ്ഥാപനത്തിന്റെ ഗുഡ്‌വില്ലിനെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ വിശദമാക്കുക.

20. Answer the following :

(a) Lallu and Omar are partners in a firm sharing profits and losses in the ratio of 5 : 3. They admit Mathew as a partner. On the date of his admission their balance sheet showed a balance of ₹ 24,000 in profit and loss a/c. (Dr.) and ₹ 12,000 in reserve fund.

Record necessary journal entries for treatment of accumulated profit or loss. **(3)**

(b) Calculate the value of goodwill on the basis of three years purchase of average profit of last five years. The profit for the last 5 years were : **(2)**

| Year | 2015 | 2016 | 2017 | 2018 | 2019 |
|---|---|---|---|---|---|
| Profit | 40,000 | 36,000 | 44,000 | 45,000 | 35,000 |

**VI. Questions from 21 to 22 carries 8 scores each.** **(2 × 8 = 16)**

21. From the following Receipt and Payment A/c and other information, prepare Income and Expenditure A/c of Multi Star Sports Club as on 31.12.2019 :

**Receipt and Payment A/c for the year ending 31.12.2019**

| Receipts | Amount (₹) | Payments | Amount (₹) |
|---|---|---|---|
| Balance b/d : | | Salary | 10,000 |
| Cash in hand | 14,000 | Electricity | 6,000 |
| Cash at bank | 6,000 | Furniture | 40,000 |
| Subscriptions | 78,000 | Investment | 5,000 |
| Entrance fee | 3,000 | Wages | 3,000 |
| Donation for Building | 25,000 | Stationery | 2,000 |
| Locker rent | 2,000 | Rent | 1,000 |
| | | General expenses | 6,000 |
| | | Interest | 2,000 |
| | | Balance c/d : | |
| | | Cash in hand | 15,000 |
| | | Cash at bank | 38,000 |
| | **1,28,000** | | **1,28,000** |

**Other Information :**

(a) Subscription outstanding on 31.12.2019 amounts to ₹ 4,000.

(b) Electricity includes a sum of ₹ 500 paid for the next year.

(c) Half of entrance fee is to be capitalised.

20. ഉത്തരം നൽകുക :

(a) ലല്ലുവും ഒമറും 5 : 3 എന്ന അനുപാതത്തിൽ ലാഭവും നഷ്ടവും പങ്കിടുന്ന പങ്കാളിത്തത്തിലേക്ക് മാത്യുവിനെ പുതിയ പങ്കാളിയായി ഉൾപ്പെടുത്തുന്നു. പ്രവേശന സമയം അവരുടെ ബാലൻസ് ഷീറ്റിൽ പ്രോഫിറ്റ് ആൻഡ് ലോസിന്റെ ഡെബിറ്റ് ബാലൻസായി 24,000 രൂപയും റിസർവ് ഫണ്ടിൽ 12,000 രൂപ്യും കാണുന്നു.

സഞ്ചിത ലാഭ നഷ്ടത്തിന്റെ ക്രമീകരണത്തിനുള്ള ജേർണൽ എൻട്രികൾ എഴുതുക. **(3)**

(b) കഴിഞ്ഞ 5 വർഷങ്ങളിലെ ശരാശരി ലാഭം മൂന്ന് വർഷത്തേക്ക് വാങ്ങുന്നതിനുള്ള വിലയായി ഗുഡ്‌വിൽ, മൂല്യം കണ്ടുപിടിക്കുക. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ലാഭം താഴെ നൽകിയിരിക്കുന്നു. **(2)**

| വർഷം | 2015 | 2016 | 2017 | 2018 | 2019 |
|---|---|---|---|---|---|
| ലാഭം | 40,000 | 36,000 | 44,000 | 45,000 | 35,000 |

**VI. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 8 സ്കോർ വീതം. (2 × 8 = 16)**

21. താഴെ തന്നിരിക്കുന്ന റെസിപ്റ്റ് ആൻഡ് പേയ്മെന്റ് അക്കൗണ്ടിന്റെയും മറ്റ് വിവരങ്ങളുടേയും അടിസ്ഥാനത്തിൽ മൾട്ടിസ്റ്റാർ സ്പോർട്സ് ക്ലബിന്റെ 31.12.2019 ലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട് തയ്യാറാക്കുക.

**റെസിപ്റ്റ് ആൻഡ് പെയ്മെന്റ് അക്കൗണ്ട് 31.12.2019**

| പണവരവ് | തുക (₹) | പണചെലവ് | തുക (₹) |
|---|---|---|---|
| പ്രാരംഭ നീക്കിയിരിപ്പ് : | | ശമ്പളം | 10,000 |
| ക്യാഷ് | 14,000 | ഇലക്ട്രിസിറ്റി | 6,000 |
| ബാങ്ക് | 6,000 | ഫർണിച്ചർ | 40,000 |
| സബ്സ്ക്രിപ്ഷൻസ് | 78,000 | നിക്ഷേപം | 5,000 |
| പ്രവേശന ഫീസ് | 3,000 | വേജസ് | 3,000 |
| ബിൽഡിംഗ് ഡൊണേഷൻ | 25,000 | സ്റ്റേഷനറി | 2,000 |
| ലോക്കർ റെന്റ് | 2,000 | വാടക | 1,000 |
| | | പൊതു ചെലവുകൾ | 6,000 |
| | | പലിശ | 2,000 |
| | | വർഷാന്ത്യ നീകിയിരിപ്പ് : | |
| | | ക്യാഷ | 15,000 |
| | | ബാങ്ക് | 38,000 |
| | **1,28,000** | | **1,28,000** |

**അധിക വിവരങ്ങൾ :**

(a) 31.12.2019 ലെ സബ്സ്ക്രിപ്ഷന്റെ കിട്ടാനുള്ള തുക 4,000.

(b) ഇലക്ട്രിസിറ്റിയിൽ 500 രൂപ അടുത്ത വർഷത്തേക്കുള്ള താണ്

(c) പ്രവേശന ഫീസിന്റെ പകുതിഭാഗം മൂലധനവൽകരിക്കുക.

22. Given below is the balance sheet of Akhil and Ameer carrying partnership business as on 31.12.2018. Akhil and Ameer share profits and losses in the ratio of 3 : 2.

**Balance Sheet of Akhil and Ameer as on 31.12.2018**

| Liabilites | | Amount (₹) | Assets | Amount (₹) |
|---|---|---|---|---|
| Sundry Creditors | | 68,000 | Cash in hand | 40,000 |
| Outstanding expenses | | 2,000 | Sundry debtors | 50,000 |
| General Reserve | | 15,000 | Stock | 40,000 |
| Capitals : | | | Plant | 1,00,000 |
| Akhil | 1,80,000 | | Buildings | 1,50,000 |
| Ameer | 1,50,000 | 3,30,000 | Investments | 35,000 |
| | | **4,15,000** | | **4,15,000** |

Carlose is admitted as a partner on the date of Balance Sheet on the following terms :

(a) Carlose will bring ₹ 1,00,000 as his capital for 1/6 share in profits.

(b) Plant is to be appreciated to ₹ 1,20,000 and buildings is to be appreciated by 10%.

(c) The value of stock is reduced by 10%.

(d) A provision for doubtful debt is to be created at 10% of debtors.

(e) Creditor were unrecorded to the extent of ₹ 1,000.

Prepare Revaluation a/c. and Partners Capital a/c. after the admission of Carlose.

## PART – B

## COMPUTERISED ACCOUNTING

**VII. Question from 23 to 26, Carries 1 score each :** **(4 × 1 = 4)**

23. The code assigned for Kerala as "KL" and Tamil Nadu as "TN" is an example of ________.

(a) Block Codes

(b) Mnemonic Codes

(c) Alpha Numerical Codes

(d) Sequential Codes

22. അഖിലും അമീറും 3 : 2 എന്ന അനുപാതത്തിൽ ലാഭവും നഷ്ടവും പങ്കിടുന്ന ഒരു പങ്കാളിത്തത്തിലെ പങ്കാളികളാണ്. അവരുടെ 31.12.2018 ലെ ബാലൻസ് ഷീറ്റ് ചുവടെ ചേർക്കുന്നു.

**31.12.2018 ലെ അഖിലിന്റെയും അമീറിന്റെയും ബാലൻസ് ഷീറ്റ്**

| ബാധ്യതകൾ | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|
| സൺട്രി ക്രെഡിറ്റേഴ്സ് | 68,000 | ക്യാഷ് ഇൻ ഹാൻഡ് | 40,000 |
| ഔട്സ്റ്റാന്റിംഗ് എക്സ്പെൻസസ് | 2,000 | സൺട്രി ഡെബ്റ്റേഴ്സ് | 50,000 |
| ജനറൽ റിസർവ് | 15,000 | സ്റ്റോക്ക് | 40,000 |
| ക്യാപിറ്റൽസ് : | | പ്ലാന്റ് | 1,00,000 |
| അഖിൽ 1,80,000 | | ബിൽഡിംഗ് | 1,50,000 |
| അമീർ 1,50,000 | 3,30,000 | ഇൻവെസ്റ്റ്മെന്റ് | 35,000 |
| | **4,15,000** | | **4,15,000** |

കാർലോസിനെ ബാലൻസ് ഷീറ്റ് തീയതിയിൽ ഒരു പുതിയ പങ്കാളിയായി താഴെ കാണും പ്രകാരം ഉൾപ്പെടുത്തുന്നു.

(a) കാർലോസ് 1/6 ലാഭത്തിന്റെ പങ്ക് ലഭിക്കുന്നതിലേക്കായി 1,00,000 രൂപ മൂലധനമായി കൊണ്ടുവന്നു.

(b) പ്ലാന്റിന്റെ മൂല്യം 1,20,000 ആയി ഉർന്നു. ബിൽഡിംഗിന്റെ മൂല്യം 10% കണ്ട് വർദ്ധിച്ചു

(c) സ്റ്റോക്കിന്റെ മൂല്യം 10% കണ്ട് കുറഞ്ഞിരിക്കുന്നു.

(d) ഡെബ്റ്റേഴ്സിന്റെ 10% സംശയാസ്പദ കടത്തിനായി നീക്കിവെച്ചിരിക്കുന്നു.

(e) ക്രെഡിറ്റേഴ്സിൽ 1,000 രൂപ രേഖപ്പെടുത്താത്തതായുണ്ട്.

കാർലോസിന്റെ പ്രവേശനത്തിനുശേഷമുള്ള സ്ഥാപനത്തിന്റെ റിവാല്യുവേഷൻ അക്കൗണ്ടും പങ്കാളികളുടെ മൂലധന അക്കൗണ്ടും തയ്യാറാക്കുക.

## PART – B
## COMPUTERISED ACCOUNTING

VII. 23 മുതൽ 26 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വിതം. (4 × 1 = 4)

23. 'കേരള' എന്നതിന് 'കെഎൽ' എന്നും തമിഴ്നാട് എന്നതിന് 'ടിഎൻ' എന്നും നൽകിയിരിക്കുന്നത് _______ കോഡിന് ഉദാഹരണമാണ്.

(a) ബ്ലോക്ക് കോഡുകൾ

(b) നിമോണിക് കോഡുകൾ

(c) ആൽഫാ ന്യൂമറിക് കോഡുകൾ

(d) സീക്വൻഷ്യൽ കോഡുകൾ

24. The intersection of a column and a row in spreadsheet is called as ______.

(a) Range (b) Cell

(c) Work sheet (d) Work book

25. The function used for preparing loan repayment schedule in Libre office calc is ______.

(a) SLN (b) PMT

(c) AND (d) DB

26. Which of the following is not a system generated ledger account in GNU Khata ?

(a) Opening Stock

(b) Stock at the beginning

(c) Closing stock

(d) Cash

**VIII. Question from 27 to 30, Carries 2 scores each :** **(4 × 2 = 8)**

27. Select the financial functions from the following :

PV, RATE, IF, ROUND, COUNT, NPV, LOOKUP, ACRINT.

28. Name any four elements of a chart or graph.

29. State any two advantages of charts and graphs in business applications.

30. Fill the series as per hint given :

| Transaction | Voucher Type | Function Key |
|---|---|---|
| Salary Paid | Payment | F5 |
| Deposited into Bank | ______ | ______ |
| Interest received | ______ | ______ |

24. സ്പ്രെഡ് ഷീറ്റിൽ റോയും കോളവും കൂടി ചേരുന്നതിനെ ______ എന്ന് പറയുന്നു.

(a) റേഞ്ച്  (b) സെല്ല്
(c) വർക്ക്ഷീറ്റ്  (d) വർക്ക്ബുക്ക്

25. ലിബ്രഓഫീസ് കാൽകിലെ ലോൺ റീപെയ്മെന്റ് ഷെഡ്യൂൾ തയ്യാറാക്കുന്നതിനുള്ള ഫംങ്ഷൻ ഏത് ______.

(a) SLN  (b) PMT
(c) AND  (d) DB

26. ജിനുഖാത്തയിലെ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ലഡ്ജറിൽപ്പെടാത്തത് ഏത് ?

(a) ഓപ്പണിംഗ് സ്റ്റോക്ക്
(b) സ്റ്റോക്ക് അറ്റ് ദി ബിഗിനിംഗ്
(c) ക്ലോസിംഗ് സ്റ്റോക്ക്
(d) ക്യാഷ്

**VIII. 27 മുതൽ 30 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം. (4 × 2 = 8)**

27. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഫിനാൻഷ്യൽ ഫംഗ്ഷനുകൾ തിരഞ്ഞെടുത്ത് എഴുതുക.

PV, RATE, IF, ROUND, COUNT, NPV, LOOKUP, ACRINT.

28. ചാർട്ട് അല്ലെങ്കിൽ ഗ്രാഫിന്റെ ഏതെങ്കിലും നാല് ഘടകങ്ങൾ എഴുതുക.

29. ബിസിനസിന്റെ പ്രായോഗികതലത്തിലുള്ള ചാർട്ടുകളുടേയും ഗ്രാഫിന്റേയും ഏതെങ്കിലും രണ്ട് ഗുണങ്ങൾ എഴുതുക.

30. സൂചനയുടെ അടിസ്ഥാനത്തിൽ ശ്രേണി പൂർത്തിയാക്കുക :

| ഇടപാട് | വൗച്ചർ തരം | ഫംങ്ഷൻ കീ |
|---|---|---|
| ശമ്പളം കൊടുത്തു | പേമന്റ് | F5 |
| ബാങ്കിൽ പണം നിക്ഷേപിച്ചു | ______ | ______ |
| പലിശ കിട്ടിയത് | ______ | ______ |

**IX. Question from 31 to 32, Carries 3 scores each :** **(2 × 3 = 6)**

31. Briefly explain the functions available in Libre Office Calc for calculating depreciation under Fixed Instalment Method and Diminishing Balance Method.

32. Describe the procedure to prepare a Bank Reconciliation statement in GNU Khata.

**X. Question from 33 to 35, Carries 4 scores each :** **(3 × 4 = 12)**

33. Explain the security features of Computerised Accounting System.

34. Describe the features of Libre Office Calc.

35. Briefly explain the following :
    (a) Tables
    (b) Forms

**XI. Question from 36 to 37, Carries 5 scores each :** **(2 × 5 = 10)**

36. Lists the merits and demerits of Computerised Accounting System (CAS). (any 5 each)

37. Explain any 5 statistical or logical functions in Libre Office Calc.

---

IX. 31 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം. **(2 × 3 = 6)**

31. ഫിക്സഡ് ഇൻസ്റ്റാൾമെന്റ് രീതി ഡിമിനിഷിംഗ് രീതി എന്നിവ പ്രകാരം മൂല്യക്ഷയം കണക്കാക്കുന്നതിനായി ലിബ്രഓഫീസ് കാൽകിൽ ലഭ്യമായിട്ടുള്ള ഫങ്ഷനുകളെ പറ്റി ചുരുക്കി വിവരിക്കുക.

32. ജീനുഖാത്തയിൽ ബാങ്ക് അനുരഞ്ജന പട്ടിക തയ്യാറാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക.

X. 33 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം. **(3 × 4 = 12)**

33. കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സംവിധാനത്തിന്റെ സുരക്ഷാപരമായ സവിശേഷതകൾ വിവരിക്കുക.

34. ലിബ്രഓഫീസ് കാൽകിന്റെ സവിശേഷതകൾ വിശദമാക്കുക.

35. താഴെ തന്നിട്ടുള്ളവ വിവരിക്കുക :
   (a) ടേബിൾസ്
   (b) ഫോംസ്

XI. 36 മുതൽ 37 വരെയുള്ള ചോദ്യങ്ങൾക്ക് 5 സ്കോർ വീതം. **(2 × 5 = 10)**

36. കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സംവിധാനത്തിന്റെ ഗുണങ്ങളും കോട്ടങ്ങളും വ്യക്തമാക്കുക. (ഏതെങ്കിലും 5 എണ്ണം)

37. ലിബ്രഓഫീസ് കാൽകിലെ ഏതെങ്കിലും അഞ്ച് സ്റ്റാറ്റിസ്റ്റിക്കൽ അല്ലെങ്കിൽ ലോജിക്കൽ ഫങ്ഷനുകൾ വിശദമാക്കുക.